# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5889  04.07.2019 ൽ മറുപടിക്ക്

## റോഡുകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.വി. അൻവർ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; | എ) നടത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികളുടെ കീഴിലുള്ള പ്രവൃത്തികൾക്കായി ഡി.പി.ആർ. തയ്യാറാക്കുന്നത് ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;<br><br>സി) ഇവയിൽ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് നെ ഏൽപ്പിച്ച പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | ബി) & സി) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി G.O(Ms) No. 15/2017/PWD തീയതി 23.02.2017 പ്രകാരം സർക്കാർ അനുമതി നൽകി. നിലവിലുള്ള തിരുവനന്തപുരത്തെ ഡിസൈൻ കാര്യാലയത്തിൽ സ്ട്രക്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജ് ഡിസൈൻ യൂണിറ്റ്, ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എം.ഇ.പി (മെക്കാനിക്കൽ ഇലക്ട്രിക്കൽ & പ്ലാനിംഗ്) ഡിസൈൻ യൂണിറ്റ് തുടങ്ങിയ 7 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകളും തിരുവനന്തപുരത്ത് ഒരു റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബും ആരംഭിച്ചിട്ടുണ്ട്. G.O (Ms) No. 24/2017/PWD തീയതി 10.04.2017 പ്രകാരം പുതിയ യൂണിറ്റുകളിലേക്ക് ആവശ്യമായ തസ്തികകൾ ഡിപ്ലോയ് ചെയ്തു വരുന്നു.<br><br>കെ.എസ്.ടി.പി യുടെ രണ്ടാം ഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ) യുമാണ് |

ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണ ഘട്ടത്തിലും, 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ - പൊൻകുന്നം റോഡ്, ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്തെ ദേശീയപാതകളായ എൻ.എച്ച് 66 ഉം, എൻ.എച്ച് 544 ഉം 4/6 വരിപ്പാതയാക്കുവാനുള്ള പ്രവൃത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം നടന്നു വരുന്നു. മറ്റ് ദേശീയപാതകളായ എൻ.എച്ച് 85, എൻ.എച്ച് 744, എൻ.എച്ച് 766, എൻ.എച്ച് 966, എൻ.എച്ച് 183, എൻ.എച്ച് 183 എ, എൻ.എച്ച് 185 എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അംഗീകരിച്ചതനുസരിച്ച് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് . വിദഗ്ധ കൺസൾട്ടൻസി മുഖാന്തരം നടത്തി വരുന്നു. ഇതിൽ എൻ.എച്ച് 85 ലെ ബോഡിമെട്ട് - മൂന്നാർ ഭാഗത്തെയും, എൻ.എച്ച് 966 ലെ നാട്ടുകൽ - താണാവ് ഭാഗത്തെയും നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ സംസ്ഥാനത്ത് 674 കി.മീ ദൈർഘ്യത്തിൽ തീരദേശത്ത് കൂടിയുള്ള കോസ്റ്റൽ ഹൈവേ പദ്ധതിയ്ക്കുള്ള വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) നടപടികൾ പുരോഗമിക്കുന്നു. എല്ലാ ഡി.പി.ആറുകളുടെയും പുരോഗതി അവലോകനം ചെയ്യാറുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ കൊല്ലം, കോട്ടയം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, പയ്യന്നൂർ, കാസർഗോഡ്, മൂന്നാർ, കൽപ്പറ്റ, മാനന്തവാടി എന്നീ നഗരപാത വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. കോഴിക്കോട് നഗര പാത വികസന പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ഏൽപ്പിച്ചിരിക്കുന്നു. കാസർഗോഡ്, പയ്യന്നൂർ, മൂന്നാർ, കൽപ്പറ്റ, മാനന്തവാടി, ടൗണുകളുടെ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

റിക്ക് ലിമിറ്റഡിനു കീഴിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1200 കി.മീ റോഡുകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP). സംസ്ഥാന റോഡു വികസന പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ടു പാക്കേജുകളാണ്. 06.12.2012 ലെ G.O(Ms) No. 91/2012/പൊ.മ.വ ഉത്തരവ് പ്രകാരം പ്രസ്തുത പാക്കേജുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുമുണ്ടായി. റീഹാബിലിറ്റേഷൻ പാക്കേജിന് 551 കി.മീ ന് 892.11 കോടിയുടെ ഭരണാനുമതിയും അപ്ഗ്രഡേഷൻ പാക്കേജിന് 653 കി.മീ റോഡ് പ്രവർത്തനത്തിന് ഉചിതമായ ധനകാര്യ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ റോഡു വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് നെ ഏൽപ്പിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സ്ഥലമേറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച റോഡ് പ്രവൃത്തികൾ

a. **പാക്കേജ് (എ)** (കാസർഗോഡ് ജില്ല)
   1. വിദ്യാനഗർ സീതാംഗോളി റോഡ് – 9.40 കി.മീ
   2. ഉപ്പള–കനിയാന റോഡ് –15.6 കി.മീ

b. **പാക്കേജ് (ബി)**
   1. വെള്ളനാട് ചെറ്റച്ചൽ റോഡ് (തിരുവനന്തപുരം ജില്ല) 21.50 കി.മീ
   2. കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് (കോട്ടയം ജില്ല) 36.10 കി.മീ

മേൽപ്പറഞ്ഞ പ്രവൃത്തികൾ പി.പി.പി-ആന്യുറ്റി വ്യവസ്ഥയിലാണ് നടത്തിവരുന്നത് പാക്കേജ്-എ) (റോഡിനെ ഹൈഡിന്) നിർമ്മാണ കാലാവധി ഒരു വർഷവും പരിപാലന കാലാവധി 14 വർഷവും ആന്യുറ്റി തുക 21.46 കോടി രൂപയുമാണ്. ഈ പാക്കേജിന്റെ കൺസഷണയർ കമ്പനി റോഡ് നിർമ്മാണം

പൂർത്തിത്തീകരിക്കുകയും റോഡുകളുടെ ഉദ്ഘാടനം 24.11.2017 ന് ബഹു.പൊതുമരാമത്ത് മന്ത്രി ശ്രീ.ജി.സുധാകരൻ അവർകൾ നിർവഹിക്കുകയും ചെയ്തു. 14 വർഷത്തെ പി.പി.പി-ആന്വിറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നു കൊണ്ടിരിക്കുകയാണ്.

പാക്കേജ്-ബിയുടെ നിർമ്മാണ കാലാവധി 2 വർഷവും പരിപാലന കാലാവധി 13 വർഷവും ആന്വിറ്റി തുക 37.40 കോടി രൂപയുമാണ്. 2018 ഒക്ടോബറിൽ നിർമ്മാണം പൂർത്തിയാക്കിയ പാക്കേജ്-ബി റോഡുകളിൽ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡിന്റെ ഉദ്ഘാടനം ബഹു:പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ ജി.സുധാകരൻ അവർകൾ 03.02.2019 ന് നിർവഹിക്കുകയുണ്ടായി 13 വർഷത്തെ പി.പി.പി-ആന്വിറ്റി പ്രകാരമുള്ള പ്രവർത്തനവും പരിപാലനവും നടന്നു കൊണ്ടിരിക്കുകയാണ്.

2. **കരമന -വെള്ളറട റോഡ് (35 .5 കി.മീ )**

കരമന-വെള്ളറട റോഡ് (35.50 കി.മി) അപ്ഗ്രേഡ് ചെയ്യുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും അതിൻപ്രകാരം 16.02.2016 ലെ **സർക്കാർ ഉത്തരവ്.(ആർ.ടി)നമ്പർ.335/2016/പൊ.മ.വ** പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കായി 8.375 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 21.448 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. ടി റോഡ് വികസനത്തിനായി 6(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയും പ്രസ്തുത റോഡിൽ സർവ്വേ നടത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ 5.50 കി മീ.4 (1) നോട്ടിഫിക്കേഷൻ 06.03.2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു. ആദ്യത്തെ 5.5 കി.മീ ന്റെ പാരിസ്ഥിതിക പഠനം റവന്യൂ വകുപ്പ് നടത്തിവരികയാണ്.

3. **ആലപ്പുഴ- തണ്ണീർമുക്കം- മധുര റോഡ് (23 .60 കി.മീ )**

10/11/2017-ലെ ജി.ഒ(ആർ.റ്റി)നം.1675/2017/പൊ.മ.വ ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിച്ചത് പ്രകാരം ടി പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൊതുമരാമത്ത് പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ നിർത്തി വയ്ക്കുവാൻ നിർദ്ദേശം ലഭിച്ചു

4. **വൈപ്പിൻ-മുനമ്പം-റോഡ് (25 .5 കി.മീ )**

10/11/2017-ലെ ജി.ഒ(ആർ.റ്റി)നം.1675/2017/പൊ.മ.വ ഉത്തരവ് പ്രകാരം ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ചെയ്യുന്നതിന് അനുമതി ലഭിച്ചത് പ്രകാരം ടി പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. ഡിറ്റൈൽഡ് പ്രോജെക്ട് റിപ്പോർട്ടിന് പൊതുമരാമത്ത് വകുപ്പ്. ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട് 26.06.2019ൽ ബഹു : പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിയമസഭയിലുള്ള ചേമ്പറിൽ വച്ചു നടന്ന എറണാകുളം ജില്ലയിലെ പ്രവൃത്തികളുടെ അവലോകനയോഗത്തിൽവൈപ്പിൻ എം.എസ്.എ ശ്രീ.എൽ.ശർമ്മ പങ്കെടുക്കുകയും വൈപ്പിൻമുനമ്പം റോഡിന്റെ വികസന -ലിസ്റ്റി ഷറ്റ്പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജ് ഉൾപ്പെട്ടിട്ടുള്ളതിനാൽ പൊതുമരാമത്ത് വകുപ്പ് തന്നെ ടി പ്രവൃത്തി ചെയ്യണമെന്ന് ബഹുപൊതുമരാമത്ത് മന്ത്രി നിർദ്ദേശിക്കുകയും ചെയ്തു.

കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

1. കോഴിക്കോട് ബാലുശ്ശേരി റോഡ് ([illegible] കി.മീ)
2. ഈരാറ്റുപേട്ട-വാഗമൺ റോഡ് ([illegible] കി.മീ)
3. തിരുവല്ല-മല്ലപ്പള്ളി റോഡ് ([illegible] കി.മീ)

1. കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.32കി.മീ)

റിക്ക് മുഖേന
കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിന് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്
തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉത്തരവ് നമ്പർ APR-
ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 21.12.2017 ലെ കോടി രൂപയുടെ സാമ്പത്തിക
2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന് 88.92 എല്ലാ സ്ഥലങ്ങളിലും
അനുമതി ലഭിച്ചിട്ടുണ്ട് ജംഗ്ഷൻ ഒഴികെയുള്ള അതിർത്തി കല്ല് സ്ഥാപിക്കുന്ന
അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ജംഗ്ഷനുകളിൽ
പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതുമാണ്.

2. ഈരാറ്റുപേട്ട-വാഗമൺ റോഡ് (23.80 കി.മീ)

റിക്ക് മുഖേന
ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ പുനരുദ്ധാരണത്തിന് കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്
തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് 21.12.2017 ലെ ഉത്തരവ് നമ്പർ APR-
ബി ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ വികസന പ്രവൃത്തികൾക്ക്
2/330/2017/KIIFB പ്രകാരം പ്രസ്തുത റോഡിന്റെ ലഭിച്ചിട്ടുണ്ട്
അംഗീകാരവും 63.99 കോടി രൂപയുടെ സാമ്പത്തിക അനുമതി

അതിർത്തി കല്ല് സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി
കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ റോമൽ ജോസ്., കോട്ടയം 09.07.2018ന് എഗ്രിമെന്റ്
വയ്ക്കുകയും ചെയ്തു എന്നാൽ കരാറുകാരൻ ഷെഡ്യൂൾ പ്രകാരമുള്ള IRC-25-1967
അതിർത്തി കല്ലുകൾ അല്ല സ്ഥാപിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെടുകയും അതനുസരിച്ച്
പലതവണ ഈ ആഫീസിൽ നിന്നും കരാറുകാരനുമായി ഇതേക്കുറിച്ച് ചർച്ചകൾ
നടത്തുകയും എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അനാസ്ഥ
കാണിക്കുകയും 08.01.2019 ന് കരാർ കാലാവധി കഴിഞ്ഞിട്ടുണ്ട് പ്രവൃത്തി
ചെയ്യുന്നതിന് സമയം നീട്ടിക്കിട്ടുന്നതിനാവശ്യമായ നടപടികളൊന്നും കരാറുകാരന്റെ
ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല മാസം കൊണ്ട് പ്രവൃത്തി തീർത്തുതരാമെന്ന് 2
സമ്മതിച്ചുകൊണ്ട് 12.04.2019 ന് കരാറുകാരൻ കത്ത് നൽകുകയും ചെയ്തു എന്നാൽ
പിന്നീട് കരാറുകാരന്റെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും
ഉത്തരവാദിത്വവും ഉണ്ടായില്ല ആയതിനാൽ കരാറുകാരനെ റിസ്ക് ആൻറ് കോസ്റ്റിൽ
ഓഫീസ് നടപടിക്രമം നമ്പർ.3189/KIIFB//2017RICK തിയതി 07.03.2019 പ്രകാരം ടെർമിനേറ്റ്
ചെയ്യുകയുണ്ടായി. റിടെണ്ടർ ചെയ്യുന്നതിന് വേണ്ടി ജോയിന്റ് വാല്യുവേഷൻ
ക്ഷണിച്ചുവെങ്കിലും കരാറുകാരൻ ഹാജരായില്ല. 31.05.2019ന് പുനർ ടെണ്ടർ
ക്ഷണിച്ചിരുന്നു ഈരാറ്റുപേട്ടവാഗമൺ റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട
പ്രവൃത്തികൾരണ്ടാഴ്ചത്തേക്ക് നിർത്തി വയ്ക്കണമെന്ന് WP(C)No.15481/2019 (I) നമ്പരായി
ഹൈക്കോടതിയിൽ നിന്നും ലഭിച്ച ഉത്തരവ് പ്രകാരം 15.06.2019 ന് തുറക്കേണ്ടിയിരുന്ന
ടെണ്ടർ തിയതി 01.07.2019 ന് മാറ്റിവച്ചിട്ടുണ്ട്.

3. തിരുവല്ല-മല്ലപ്പള്ളി- ചേലക്കൊമ്പ് റോഡ് (20.40 കി.മീ)

റോഡ്
തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണത്തിന് റിപ്പോർട്ട്
ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി തയ്യാറാക്കിയ വിശദമായ പ്രോജക്ട് ആഫീസറുടെ
കിഫ്ബിക്ക് സമർപ്പിക്കുകയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് റോഡിന്റെ
21.12.2017 ലെ ഉത്തരവ് നമ്പർ APR-2/330/2017/KIIFB പ്രകാരം പ്രസ്തുത സാമ്പത്തിക
വികസന പ്രവൃത്തികൾക്ക് അംഗീകാരവും 81.57 കോടി രൂപയുടെ
അനുമതി ലഭിച്ചിട്ടുണ്ട്

അതിർത്തി കല്ല് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ 16.06 ന് 2018തുറക്കുകയും
അതിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ റോമൽ ജോസ്, കോട്ടയം 18.09.2018 ന്
എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു) ഷെഡ്യൂൾ പ്രകാരമുള്ള IRC-25-1967 അതിർത്തി
കല്ലുകൾ അല്ല സ്ഥാപിക്കുന്നതെന്നും, യാതൊരു കാരണവും ഇല്ലാതെ കരാറുകാരൻ
പ്രവൃത്തികൾ നിർത്തിവയ്ക്കുകയുണ്ടായി എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് കരാർ
പ്രകാരം ഈ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്നത് 17.03.2019 ആയിരുന്നു ഈ
ആഫീസിൽ നിന്നും നിരവധി തവണ കരാറുകാരനുമായി നേരിട്ട് ചർച്ചകൾ
നടത്തിയപ്പോഴൊക്കെ ഉടനെ തന്നെ പ്രവൃത്തി റെക്റ്റിഫിക്കേഷൻ നടത്തി
പുനരാരംഭിക്കാമെന്ന് സമ്മതിക്കുകയും എന്നാൽ കരാറുകാരന്റെ ഭാഗത്ത് നിന്നും

4/4

യാതൊരു പ്രതികരണവും ഉത്തരവാദിത്വവും കാണിച്ചിട്ടില്ല. ആയതിനാൽ കരാറുകാരനെ റിസ്ക് ആൻറ് കോസ്റ്റിൽ ഓഫീസ് നടപടിക്രമം നമ്പർ.3335/KIIFB//2017RICK തീയതി:13.05.2019 പ്രകാരം ടെർമിനേറ്റ് ചെയ്യുകയുണ്ടായി. റിടെണ്ടർ ചെയ്യുന്നതിന് വേണ്ടി ജോയിന്റ് വാല്യൂവേഷന് 20-05-19, 29-05-19 & 06-06-2019 തിയതികളിൽ ക്ഷണിച്ചുവെങ്കിലും കരാറുകാരൻ ഹാജരായില്ല. 25.06.2019 ന് പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ തുറക്കേണ്ട തിയതി 09.07.2019 ആണ്.

സെക്ഷൻ ഓഫീസർ